**A**

**503**

समग्र शिक्षा केरल
Samagra Shiksha Kerala
സമഗ്ര ശിക്ഷാ കേരളം

# സമഗ്ര ശിക്ഷാ കേരളം

## ആത്യന്തിക വിലയിരുത്തൽ II 2025-2026

## ഗണിതം


**ക്ലാസ് : 5**

**സമയം: 2 മണിക്കൂർ 15 മിനിട്ട്**

### നിർദേശങ്ങൾ


1. ആകെ സമയത്തിന്റെ ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
2. 6 ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
3. 2, 4 എന്നിവയിൽ ഓരോന്നിലും 2 ചോദ്യങ്ങൾ വീതം ഉണ്ട്. അതിൽ ഒന്ന് എഴുതിയാൽ മതി.

1.




a. ചിത്രത്തിൽ ഒരു വൃത്തത്തെ ഒരുപോലെയുള്ള 3 ഭാഗങ്ങളാക്കിയിരിക്കുന്നു. ഷെയ്ഡ് ചെയ്ത ഭാഗത്തെ സൂചിപ്പിക്കുന്ന ഭിന്നസംഖ്യ ഏത്?

b. ചുവടെ കാണിച്ചിരിക്കുന്നതുപോലെ ഒരു ചതുരം വരച്ച് $\frac{3}{8}$ ഭാഗം ഷെയ്ഡ് ചെയ്യുക.



c. $\frac{1}{8}$ ന് തുല്യമായ മറ്റൊരു ഭിന്നം എഴുതുക.

d. ചുവടെ കൊടുത്തവയിൽ $\frac{1}{4}$ ഭാഗം ഷെയ്ഡ് ചെയ്ത ചിത്രം ഏതാണ്?



A B C D

രണ്ടാമത്തെ ചോദ്യത്തിൽ 2 ചോദ്യങ്ങളുണ്ട് (2A യും 2Bയും). ഇതിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.

2.A അനുവും അച്ഛനും 8:30 am ന് വീട്ടിൽ നിന്നു പുറപ്പെട്ട് 10:45 am ന് റെയിൽവേ സ്റ്റേഷനിൽ എത്തി.

a. വീട്ടിൽ നിന്നു റെയിൽവെ സ്റ്റേഷനിലെത്താൻ എത്ര സമയമെടുത്തു?

b. രാവിലെ 11 മണിക്ക് ട്രെയിനിൽ കയറി. അന്ന് രാത്രി 12:30 ന് തിരുവനന്തപുരത്ത് എത്തി. എങ്കിൽ ട്രെയിനിൽ യാത്ര ചെയ്ത സമയമെത്ര?

c. വീട്ടിൽ നിന്നു പുറപ്പെട്ട് തിരുവനന്തപുരത്തെത്താൻ ആകെ എത്ര സമയമെടുത്തു?

d. $2\frac{1}{4}$ മണിക്കൂറിന് തുല്യമായത് ഏതാണ് ?

A. 2 മണിക്കൂർ 75 മിനിറ്റ് C. 225 മിനിറ്റ്

B. 135 മിനിറ്റ് D. 2 മണിക്കൂർ 25 മിനിറ്റ്

e. അനു 1:20 ന് പരീക്ഷാഹാളിൽ കയറി. 2 മണിക്കൂർ 25 മിനിറ്റിനു ശേഷം പരീക്ഷാ ഹാളിൽ നിന്നിറങ്ങി. അനു എത്ര മണിവരെ പരീക്ഷാഹാളിലായിരുന്നു?

**അല്ലെങ്കിൽ**

2. B.

a. രാവിലത്തെ 3 സമയങ്ങളാണ് ക്ലോക്കിൽ കൊടുത്തിരിക്കുന്നത്. ഈ ക്ലോക്കുകളെ സമയത്തിനനുസരിച്ച് ക്രമീകരിച്ചാൽ അവസാനം വരുന്ന ക്ലോക്ക് ഏതാണ്?


ചിത്രം 1


ചിത്രം 2


ചിത്രം 3

b. മുകളിൽ കൊടുത്ത ക്ലോക്കുകളിൽ ഒന്നാമത്തെയും മൂന്നാമത്തെയും ക്ലോക്കിലെ സമയ വ്യത്യാസം എത്രയാണ്?

c. പട്ടിക പൂർത്തിയാക്കുക.

| | |
|---|---|
| 150 മിനിറ്റ് | ...................... മണിക്കൂർ |
| 8 മിനിറ്റ് | ...................... സെക്കന്റ് |

ചുവടെ ഒരു പ്രസ്താവനയും കാരണവും കൊടുത്തിരിക്കുന്നു.

(d) പ്രസ്താവന : 1 മണിക്കൂർ എന്നത് 60 × 60 സെക്കന്റാണ്

കാരണം : 1 മണിക്കൂർ 60 മിനിറ്റാണ്. 1 മിനിറ്റ് 60 സെക്കന്റാണ്

താഴെ കൊടുത്തവയിൽ ശരിയായത് ഏതാണ്?

A. പ്രസ്താവന ശരിയും കാരണം തെറ്റുമാണ്

B. കാരണം ശരിയും പ്രസ്താവന തെറ്റുമാണ്

C. പ്രസ്താവനയും കാരണവും ശരിയാണ്

D. പ്രസ്താവനയും കാരണവും തെറ്റാണ്

3. a. 23 പേന 4 എണ്ണം വീതം എത്ര പാക്കറ്റുകളിൽ നിറയ്ക്കാം? എത്ര പേന ബാക്കി വരും?

b. $1\frac{3}{4}$ ന്റെ മറ്റൊരു ഭിന്നരൂപം എഴുതുക

c. ഒന്നാം കോളത്തിൽ ഏതാനും ഭിന്നസംഖ്യകളും രണ്ടാം കോളത്തിൽ അവയുടെ മറ്റൊരു രൂപവും കൊടുത്തിരിക്കുന്നു.


| I | II |
|---|---|
| a. $\frac{4}{3}$ | 1. $1\frac{2}{3}$ |
| b. $\frac{5}{3}$ | 2. $2\frac{1}{3}$ |
| c. $\frac{7}{3}$ | 3. $1\frac{1}{3}$ |

താഴെകൊടുത്തവയിൽ ശരിയായത് എഴുതുക.

A. a – 2, b - 3, c – 1     C. a – 3, b - 1, c – 2

B. a – 3, b - 2, c – 1     D. a – 1, b - 3, c - 2

d. 5 ലിറ്റർ പാൽ 4 കുപ്പികളിൽ തുല്യമായി ഒഴിച്ചിരിക്കുന്നു. ഒരു കുപ്പിയിൽ ഉള്ള പാലിന്റെ അളവ് എത്ര ലിറ്ററാണ്?



നാലാമത്തെ ചോദ്യത്തിൽ 2 ചോദ്യങ്ങളുണ്ട് (**4A** യും **4B**യും). ഇതിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.

4.A. a) മീനുവിന്റെയും കൂട്ടുകാരുടെയും ഉയരങ്ങളാണ് പട്ടികയിൽ കൊടുത്തിരിക്കുന്നത്. പട്ടിക പൂർത്തിയാക്കുക.

| പേര് | ഉയരം | ഭിന്നരൂപം | ദശാംശരൂപം |
|---|---|---|---|
| മീനു | 150 സെ.മീ | $1\frac{50}{100}$ മീറ്റർ | ............................ മീറ്റർ |
| ഗോപു | 147 സെ.മീ | ............................ | 1.47 മീറ്റർ |
| ബെന്നി | ............................ | ............................ | 1.25 മീറ്റർ |

b. 17 സെന്റിമീറ്ററിനെക്കുറിച്ച് താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായവ ഏതെല്ലാം?

i. $\frac{17}{100}$ സെന്റിമീറ്ററാണ്     ii. $\frac{17}{100}$ മീറ്ററാണ്

iii. 1.7 മീറ്ററാണ്     iv. 0.17 മീറ്ററാണ്

A. i, ii ശരിയാണ്   B. ii, iv ശരിയാണ്   C. i, iv ശരിയാണ്   D. ii, iii ശരിയാണ്

## അല്ലെങ്കിൽ

4. B

a. 1 മീറ്റർ 46 സെ.മീ 3 മില്ലിമീറ്ററിനെ മീറ്ററായി ഭിന്നസംഖ്യാ രൂപത്തിലും ദശാംശ രൂപത്തിലും എഴുതുക.

b. ഇത് എത്ര സെന്റിമീറ്ററും മില്ലിമീറ്ററും ആണ്.

c. 1.46 മീറ്ററിന്റെ ഭിന്നരൂപം ഏത് ?

A) $1\frac{46}{100}$ മീറ്റർ  B) $\frac{46}{1000}$ മീറ്റർ  C) $1\frac{46}{1000}$ മീറ്റർ  D) $14\frac{6}{10}$ മീറ്റർ

d. ഒരു മീറ്ററും ഒരു മീറ്ററിന്റെ 100 ൽ 50 ഭാഗവും ചേർന്നതിനെ ദശാംശരൂപത്തിൽ മീറ്ററായി എഴുതുക.

5. a. ഒരു സമചതുരത്തിന് 17 സെ.മീ ചുറ്റളവുണ്ട്. സമചതുരത്തിന്റെ ഒരു വശത്തിന്റെ നീളം എത്ര സെന്റിമീറ്ററാണ്?

b. 21 ലിറ്റർ പാൽ 5 പേർക്ക് ഒരുപോലെ വീതിച്ചുകൊടുത്താൽ ഓരോരുത്തർക്കും എത്ര ലിറ്റർ പാൽ കിട്ടും?

c. $2\frac{1}{2}$ മീറ്ററിനെക്കുറിച്ച് താഴെകൊടുത്തവയിൽ ശരിയേത്?

A. 2 മീറ്ററും 1 മീറ്ററിന്റെ പകുതിയും ചേർന്നതാണ്
B. 1 മീറ്ററും 2 മീറ്ററിന്റെ പകുതിയും ചേർന്നതാണ്
C. 1 മീറ്ററും 1 മീറ്ററിന്റെ പകുതിയും ചേർന്നതാണ്
D. $4\frac{1}{2}$ മീറ്ററിന്റെ പകുതിയാണ്

d. ഒരു കേക്കിന്റെ $\frac{3}{4}$ ഭാഗം കിട്ടാൻ അതേപോലുള്ള 3 കേക്കിനെ എത്രയായി ഭാഗിച്ചതിൽ ഒന്നെടുക്കണം?

6. 25×14 = 350 ആണ്.

a. 25×15 ന് തുല്യമായത് താഴെകൊടുത്തവയിൽ ഏതാണ്?

A) 350 + 25  B) 350 − 25  C) 350 + 15  D) 350 − 15

b. 1116 പേന 12 വീതമുള്ള പാക്കറ്റുകളിലാക്കിയാൽ എത്ര പാക്കറ്റ് പേനയുണ്ടാകും?

c. 84 ÷ 7 എത്രയെന്ന് ചുവടെയുള്ള കളങ്ങളിൽ എഴുതി കണ്ടെത്തുക.

